## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3410 — 16/12/2015-ൽ മറുപടിയ്ക്ക്

**ഇ.എം.എസ്.ഭവന പദ്ധതി പ്രകാരം ലഭിച്ച വീടുകൾ കൈമാറ്റം ചെയ്യുന്നത്**

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | മറുപടി<br>ശ്രീ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഇ.എം.എസ്.ഭവന പദ്ധതി പ്രകാരം ലഭിച്ച വീടുകൾ കൈമാറ്റം ചെയ്യരുതെന്ന വ്യവസ്ഥ നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ധനസഹായം ലഭിച്ച് നിർമ്മിച്ച വീടും, വസ്തുവും അന്യാധീനപ്പെടുന്നത് ഒഴിവാക്കാൻ 07.11.2009 ലെ സ.ഉ.(എം.എസ്)നം.207/2009/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ഇ.എം.എസ് ഭവന പദ്ധതിയുടെ പരിഷ്ക്കരിച്ച മാർഗ്ഗരേഖ പ്രകാരം 10 വർഷ കാലയളവിലേക്ക് ഇവ കൈമാറ്റം നടത്തരുത് എന്ന വ്യവസ്ഥ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് ഗുണഭോക്താക്കൾ കരാർ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. |
| (ബി) | ധനസഹായമായി ലഭിച്ച തുക പലിശ സഹിതം സർക്കാരിൽ തിരിച്ചടച്ചാൽ കൈമാറ്റം ചെയ്യുന്നതിൽ തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | പൂർണ്ണമായും സർക്കാർ ധനസഹായമായി അനുവദിക്കുന്ന തുക ഉപയോഗിച്ച് നിർമ്മിക്കുന്ന വീടും സ്ഥലവും 10 വർഷത്തേക്ക് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണെങ്കിലും അനിവാര്യമായ സാഹചര്യത്തിൽ കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരിച്ചടയ്ക്കുന്ന മുറയ്ക്ക് വായ്പാ കരാർ റദ്ദാക്കി നൽകുന്നതിനുള്ള അനുമതി നൽകി വരുന്നുണ്ട്. എന്നാൽ ഇപ്രകാരം ചെയ്യുന്നത് പൊതുവായ ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല. മറിച്ച് അപേക്ഷകളുടെ മെരിറ്റ് പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ മാത്രമാണ്. |
| (സി) | ഇത്തരത്തിൽ ആർക്കെങ്കിലും സർക്കാർ അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | അർഹമായ അപേക്ഷകളിൽ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ